LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ, പൊതുവായ മാനദണ്ഡങ്ങൾ ഇന്ന് ആരും സ്വീകരിക്കുന്നില്ല. മന്ത്രിമാരുടെ മണ്ഡലങ്ങൾക്ക് ഒരു മാനദണ്ഡവും ബാധകമല്ല. മന്ത്രിമാരുടെ മണ്ഡലത്തിലുള്ള റോഡാണെങ്കിൽ എല്ലാ മാനദണ്ഡങ്ങളും മറികടന്ന് അത് എം.ഡി.ആർ. ആക്കും. സബ്ജക്ട് കമ്മിറ്റിയിൽ ഈ കാര്യം ചർച്ച ചെയ്ത് പൊതുവായ ഒരു നോംസ് ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, അങ്ങ് പറഞ്ഞതിൽ ശരികളുണ്ട്. നമുക്ക് ഇഷ്ടമുള്ള റോഡുകൾ എം.ഡി.ആർ. ആക്കുന്ന ഒരു രീതി പറ്റില്ല. അതുകൊണ്ട് വളരെ സുതാര്യമായ രീതിയിൽ മാനദണ്ഡങ്ങളുണ്ടാക്കി അത് പരസ്യപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഒ. ഡി. ആർ. എം. ഡി. ആർ. ആക്കുകയുള്ളു. അങ്ങനെയൊരു നിർദ്ദേശം നൽകിയിരിക്കുകയാണ്.

**(2)പച്ചക്കറി ഉത്പാദനം**

ശ്രീ. രാജു എബ്രഹാം : സർ, പച്ചക്കറിയുത്പാദനത്തിൽ കേരളം സ്വയംപര്യാപ്തതയിൽ എത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന സാഹചര്യത്തിലാണ് ഇത്തരമൊരു ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കാൻ ഞാൻ മുന്നോട്ടുവന്നിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം കേരളത്തിനാകെ ആവശ്യമുള്ള പച്ചക്കറിയുടെ എതാണ്ട് പത്തു മുതൽ പതിനഞ്ച് ശതമാനം മാത്രമേ ഇന്ന് കേരളത്തിൽ ഉത്പാദിപ്പിക്കുന്നുള്ളു. നമ്മൾ ഏത് യോഗങ്ങൾ നടത്തിയാലും സ്ഥിരമായി അവിടെ പ്രസംഗിക്കുന്ന ഒരു കാര്യം, കർണ്ണാടകത്തിലോ തമിഴ്നാട്ടിലോ ലോറിസമരം ഉണ്ടായാൽ കേരളത്തിൽ പച്ചക്കറി കിട്ടാത്ത ഒരവസ്ഥയുണ്ടാകും. ഇത് നമ്മൾ ദീർഘ കാലമായി പ്രസംഗിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. പക്ഷേ ഇതിന് പരിഹാരം കാണാൻവേണ്ടിയുള്ള ചില നടപടികൾ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൃഷിവകുപ്പുമന്ത്രി മുൻകയ്യെടുത്ത് നടത്തിയിട്ടുണ്ടെങ്കിലും നമുക്ക് കാര്യമായി മുന്നോട്ടുവരാൻ കഴിഞ്ഞിട്ടില്ല. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇവിടെ വരുന്ന പച്ചക്കറികളെ സംബന്ധിച്ചിടത്തോളം മാരകമായ കീടനാശിനികളാണ് ആ പച്ചക്കറിയിൽ അടങ്ങിയിരിക്കുന്നത്. പച്ചക്കറിയെടുത്താൽ അതിൽ ഫ്യൂറിഡാൻ എന്ന കീടനാശിനിയാണ്. മാമ്പഴമെടുത്താൽ കാർബൺ ഇട്ട് പഴുപ്പിച്ച് മഞ്ഞ നിറമാക്കുന്ന മാമ്പഴമാണ് നമുക്ക് ലഭിക്കുന്നത്. പാലിൽനിന്ന് പണ്ട് കണ്ടു പിടിച്ചത് യൂറിയ ആണെങ്കിൽ ഇപ്പോൾ ഫോർമാലിൻ ചേർക്കുന്നുണ്ടെന്നുള്ള വിവരമാണ് നമുക്ക് കിട്ടുന്നത്. അങ്ങനെ പരിശോധിച്ചുവരുമ്പോൾ അരിയിൽ കളർ കിട്ടാൻവേണ്ടി റെഡ്ഓക്സൈഡ് ചേർക്കുകയാണ്. അങ്ങനെ മലയാളികളെ സംബന്ധിച്ചിടത്തോളം വീടുകഴിഞ്ഞാൽ ഏറ്റവുംകൂടുതൽ ചെല്ലുന്ന ഒരു സ്ഥലം ആശുപത്രിയാണ്. മലയാളികളെ ക്യാൻസർ കീഴ്പ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ പച്ചക്കറിയുത്പാദനം എങ്ങനെ സൃഷ്ടിപരമായി നല്ലയൊരു പ്ലാനോടുകൂടി നടത്താൻ കഴിയുമെന്നതിനെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവത്തോടുകൂടി നാം ആലോചിക്കണം. തൊട്ടടുത്ത് കിടക്കുന്ന തമിഴ്നാടോ കർണ്ണാടകയോ പച്ചക്കറിയുത്പാദനത്തിൽ കാര്യമായി മുന്നോട്ടു പോകില്ലെന്നാണ് പഠനങ്ങൾ കാണിക്കുന്നത്. അടുത്ത സമയത്തുതന്നെ

കർണ്ണാടകയിൽ ഒന്നരലക്ഷം ഏക്കർ കാർഷിക ഭൂമിയാണ് വ്യവസായത്തിനു വേണ്ടി ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്നത്. തമിഴ്നാട്ടിലും ചിത്രം വ്യത്യസ്തമല്ല. പുകൃഷിപോലെ കൂടുതൽ മൂല്യങ്ങളുള്ള കൃഷിയിലേക്ക് ഈ സംസ്ഥാനങ്ങൾ മാറുന്നു. വ്യവസായവത്ക്കരണത്തിലേക്ക് ഈ സംസ്ഥാനങ്ങൾ മാറുന്നു. അതുകൊണ്ടുതന്നെ ഗ്രാമങ്ങളിൽനിന്നും ലക്ഷക്കണക്കിനാളുകൾ നഗരങ്ങളിലേക്ക് മാറിപ്പാർക്കുന്ന ഒരവസ്ഥയും സംജാതമായിട്ടുണ്ട്. ഈ അവസ്ഥയിൽ നാലോ അഞ്ചോ വർഷം കഴിഞ്ഞാൽ കേരളത്തെ സംബന്ധിച്ചിടത്തോളം നമുക്കാവശ്യമുള്ള പച്ചക്കറികൾ കിട്ടാത്ത അതിഗുരുതരമായിട്ടുള്ള ഒരു പ്രശ്നം സംജാതമാവും. ഇവിടെ നാം പരിശോധിക്കേണ്ടത്, ജൂൺ മാസത്തിലാണ് നമ്മൾ ഈ ചർച്ച നടത്തുന്നത്. അടുത്ത ജനുവരി-ഫെബ്രുവരി ആകുമ്പോഴേയ്ക്കും പഞ്ചായത്തുകളിലെ പദ്ധതി ആകും. നമ്മുടെ വി.എഫ്.പി.സി.കെ അതുപോലെ രാഷ്ട്രീയ കൃഷി യോജന അതോടൊപ്പംതന്നെ ത്രിതല പഞ്ചായത്തുകൾക്ക് കൃഷിക്ക് നൽകുന്ന പണം എന്നിവ കൂടി വച്ചുകൊണ്ട് ഗവൺമെന്റ് തന്നെ ഈ കാര്യത്തിൽ ഒരു സൃഷ്ടിപരമായ പദ്ധതി തയ്യാറാക്കിയാൽ അടുത്ത സാമ്പത്തിക വർഷം, ജനുവരിമാസം കഴിയുമ്പോഴേയ്ക്കും ഒരുവീട്ടിൽ ഒരു പച്ചക്കറിത്തോട്ടം എന്നുള്ള മുദ്രാവാക്യത്തിലേയ്ക്ക് നമുക്ക് പോകാൻ കഴിയും. അത് മനസ്സിൽവച്ചു കൊണ്ടു മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളു. അത്തരത്തിൽ ഒരു പദ്ധതി നടപ്പാക്കുന്ന കാര്യം വളരെ ഗൗരവത്തോടുകൂടി, ദീർഘദൃഷ്ടിയോടുകൂടി ആവിഷ്ക്കരിക്കാൻ തയ്യാറാകണമെന്നുള്ളതാണ് പ്രധാനമായും ഞാൻ ആവശ്യപ്പെടുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, ബഹുമാനപ്പെട്ട അംഗം ശ്രദ്ധേയമായൊരു പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. ഫുഡ് ആന്റ് അഗ്രിക്കൾച്ചറൽ ഓർഗനൈസേഷൻ തന്നെ നമ്മളോട് പറഞ്ഞു കൊണ്ടിരിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യം ഭക്ഷ്യാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ലോകത്തിന്റെ കരുത്ത് കുറഞ്ഞുവരുമെന്നാണ്. രണ്ടാമത്തെ പ്രശ്നം ഇവിടെ ഉന്നയിക്കപ്പെട്ടത് ശരിയായ ആഹാരം, നമ്മുടെ ശരീരത്തിനും ആരോഗ്യത്തിനും പറ്റിയ ആഹാരം നമ്മുടെ അടുത്തുനിന്നുതന്നെ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ രോഗത്തിലേയ്ക്കുള്ള മലയാളിയുടെ യാത്ര വേഗത്തിലായിരിക്കുമെന്നതും ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യമാണ്. നെല്ലിന്റെ കാര്യത്തിൽ നമുക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ തൃപ്തികരമായ അവസ്ഥയിൽ നമ്മുടെ ഉപഭോഗത്തിന് ആവശ്യമായ നെല്ലുൽപ്പാദനം അടുത്തെങ്ങും എത്തിച്ചേരാൻ സാദ്ധ്യതയില്ലാത്തൊരു കാര്യമാണ്. പച്ചക്കറിയുടെ കാര്യത്തിൽ ഓരോ വീട്ടിലും നമ്മൾ ശ്രദ്ധിച്ചാൽ കേരളത്തിലെ 71 ലക്ഷം കുടുംബങ്ങളിൽ 40 ലക്ഷം വീടുകളിലെങ്കിലും അര സെന്റോ ഒരു സെന്റോ, വസ്തു ഉണ്ട് ആ ഒരു സെന്റുവരെയുള്ള വസ്തുവിൽ അധികമായി കൃഷി ചെയ്യാൻ കഴിയും. അങ്ങനെ കഴിഞ്ഞാൽ കേരളത്തിൽ വളരെ പെട്ടെന്ന് നമുക്ക് സംതൃപ്തമായ നിലയിൽ അന്യാശ്രയമില്ലാതാക്കാൻ കഴിയുന്ന ഒരു അന്തരീക്ഷം ഉണ്ടാകുകയില്ല. നാലഞ്ചുവർഷം വേണ്ടിവരും ഈ യാത്ര. എന്നാലും ഈ വർഷം ഗവൺമെന്റ് കണ്ടിരിക്കുന്നത് എല്ലാ പദ്ധതികളും കൂട്ടിയോജിപ്പിച്ച് എല്ലാ കുടുംബങ്ങളേയും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്ന് ഗ്രാമങ്ങളിൽ വസ്തു ഉള്ളിടത്ത് നമുക്ക് ഓരോ

LIBRARY ARCHIVES Kerala Legislative Assembly

വീട്ടിലും അര സെന്റുമുതൽ ഒരു സെന്റ് വരെ അധികമായി കൃഷി ചെയ്യാൻ, തീരുമാനിച്ചാൽ മൂന്നേകാൽ ലക്ഷം ടൺ പച്ചക്കറി അധികമായി നമുക്ക് ഉൽപ്പാദിപ്പിക്കാം. പക്ഷേ അതിന് വലിയൊരു ഏകോപനം വേണ്ടിവരും. ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിലുൾപ്പടെ നമ്മുടെ പച്ചക്കറി ഉൽപ്പാദനം ഗണ്യമായ തോതിൽ വർദ്ധിക്കുകയാണ്. അങ്ങനെ ഗണ്യമായ തോതിൽ വർദ്ധിക്കുന്ന ചില മേഖലകളുണ്ട്. പക്ഷേ ഗണ്യമായ തോതിൽ വർദ്ധിക്കുന്ന ഇടുക്കിയിലേയും പാലക്കാട്ടേയും ചില മേഖലയിലെ പച്ചക്കറി നമുക്ക് ഇവിടെ വിതരണം നടത്താൻ കഴിയാതെ അത് തമിഴ്നാടിലേയ്ക്ക് പോകുന്നുവെന്നതും നമ്മൾ നേരിടുന്ന ചെറിയൊരു പ്രശ്നമാണ്. അതുകൊണ്ട് മൊത്തം ഉൽപ്പാദനത്തിന്റെ ചെറിയ പങ്ക് കേരളത്തിൽ കിട്ടാതെ പോകുന്നുമുണ്ട്. പക്ഷേ ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലം പോലുള്ള ചില മണ്ഡലങ്ങളിൽ ഉണ്ടാകുന്ന പച്ചക്കറി ഉൽപ്പാദനത്തിന്റെ ഗണ്യമായ പങ്ക് കേരളത്തിലെ കമ്പോളത്തിൽത്തന്നെ എത്തുന്നുമുണ്ട്. കഴിഞ്ഞ വർഷം 40,000 ടൺ പച്ചക്കറി അധികമായി കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെട്ടിട്ടുണ്ടെന്നാണ് കണക്ക്. പക്ഷേ നമ്മുടെ ലക്ഷ്യം കുറച്ചുകൂടെ വലുതായിരുന്നു. മൂന്നേകാൽലക്ഷം പച്ചക്കറി ഉൽപ്പാദിപ്പിക്കുകയെന്നുപറഞ്ഞാൽ ഏറ്റവും കുറഞ്ഞത് 12,000 ഹെക്ടറിൽ അധികമായി കൃഷി ചെയ്യുകയാണ്. ഈ അടുത്ത കാലത്ത് പച്ചക്കറി വികസനത്തിനുള്ള പദ്ധതിയിൽ ഏറ്റവും കൂടിയ തുകയാണ് വകയിരുത്തിയിട്ടുള്ളത്. പതിനൊന്നേകാൽ കോടി രൂപ ഗവൺമെന്റ് തന്നെ പല പല പദ്ധതികളിൽ വച്ചിട്ടുണ്ട്. ഇതുകൂടാതെയാണ് പഞ്ചായത്തിന്റേയും കുടുംബശ്രീയുടേയുമൊക്കെ പദ്ധതികൾ. ഇതെല്ലാംകൂടി ഏകോപിപ്പിച്ചാൽ നമുക്ക് അധികമായി ഇപ്പോൾ ചെയ്യുന്നതല്ലാതെ 12,000 ഹെക്ടറിൽ കൃഷി ചെയ്യാനും മൂന്നേകാൽ ലക്ഷം പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കാനും സാധിക്കും. അതിന് ചെറിയ പ്രശ്നം വരുന്നത്, ഇറിഗേഷന്റെ സഹായം കൂടി വേണ്ടിവരും. മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട് അത്തരം കാര്യങ്ങൾ ചെയ്യാൻ തീരുമാനിച്ചാൽ നമുക്ക് വരൾച്ചാക്കാലത്ത് ഉൾപ്പെടെ ഇപ്പോൾ കൃഷി ചെയ്യുന്ന സ്ഥലത്ത് അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിയും. അതുകൂടി ചേർത്താണ് ഈ മൂന്നേകാൽ ലക്ഷം ടൺ എന്നുപറയുന്നത്. അങ്ങനെ എത്തിച്ചേർന്നാൽ നമുക്കൊരു നാല് വർഷം കൊണ്ട് ഉള്ളി ഉൾപ്പെടെയുള്ള ചില കാര്യങ്ങളൊഴിച്ചാൽ ബാക്കി കാര്യങ്ങളിൽ അന്യാശ്രയം അവസാനിപ്പിക്കാൻ കഴിയും.

ശ്രീ. രാജു എബ്രഹാം : സർ, ഇവിടെ നഗരങ്ങളിലെ ഫ്ളാറ്റുകളൊഴികെ ബാക്കി നഗരങ്ങളാണെങ്കിലും ഗ്രാമപ്രദേശങ്ങളാണെങ്കിലും എല്ലാ വീട്ടിലും നമുക്ക് പച്ചക്കറി ഉൽപ്പാദനം നടത്താൻ കഴിയും. നൂറ് രൂപയുടെ വിത്തും നൂറ് രൂപയുടെ വളവും സർക്കാർ ഒരു പോളിസിയാക്കിമാറ്റി ഒരു തീരുമാനമെടുക്കുകയാണെന്നുണ്ടെങ്കിൽ ഈ നിലയിലുള്ള ഒരു പദ്ധതി നമുക്ക് നടപ്പാക്കാൻ കഴിയും. അതിനെ സംബന്ധിച്ചിടത്തോളം അടുത്ത വർഷം ആലോചിക്കുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ഈ വർഷം തന്നെ ചെറുതായിട്ടെങ്കിലും പച്ചക്കറി കൃഷി ചെയ്യാൻ കഴിയുന്ന കോർപ്പറേഷനുകളിലേയും വീടുകളിൽ പതിനായിരം പച്ചക്കറി വിത്തുകളും അതിന്റെ വളവും

LIBRARY ARCHIVES Kerala Legislative Assembly

സൗജന്യമായി കൊടുക്കുന്നുണ്ട്. വി.എഫ്.പി.സി.കെ. സംസ്ഥാനത്തുടനീളം 25 ലക്ഷം തൈകൾ കൊടുക്കും. തൈകൾ കൊടുക്കുന്നത് വിത്ത് കൊടുക്കുന്നതു പോലെയല്ല. മിക്കവാറും നടുമെന്ന് ഉറപ്പാണ്. അതും സംഭാവന ചെയ്യുന്നുണ്ട്. ബാക്കി ഏകോപനമൊക്കെക്കൂടി നടത്തുമ്പോൾ കേരളത്തിലെ 150 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും അര സെന്റിലെങ്കിലും പച്ചക്കറി ഉണ്ടാകുമെന്ന് ഈ വർഷം ഉറപ്പാക്കും. ഇതെല്ലാംകൂടി ചേർന്നുവരുമ്പോൾ പൊതുവായി ഏകോപനവും പുതിയൊരു അവബോധം കുട്ടികളിലും കുടുംബങ്ങളിലുമെത്തുകയും ചെയ്താൽ നമുക്ക് സാദ്ധ്യമായതാണ് ഈ പദ്ധതി.

## III സബ്മിഷൻ

### (1) വിദേശ മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എം. മുരളി: സർ, സൗദി അറേബ്യയിലെ അൽക്കോബാറിലെ ജദാവൽ ഇന്റർനാഷണൽ കമ്പനിയിൽ ജോലി ചെയ്തുവന്നിരുന്ന 26 മലയാളികൾ ഉൾപ്പെടെ 42 ഭാരതീയർ എട്ട് മാസക്കാലമായി ശമ്പളമില്ലാതെ ദുരിതത്തിലായിരിക്കുകയാണ്. നിയമപരമായ തർക്കംമൂലം കമ്പനിയുടെ പ്രവർത്തനം സൗദി സർക്കാർ താൽക്കാലികമായി തടഞ്ഞതോടെ 2009 ഡിസംബർ മുതൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഈ തൊഴിലാളികൾക്ക് ലഭിക്കാതെയായി. അക്കാമയുടെ കാലാവധി കഴിഞ്ഞതിനാൽ അത് റിന്യൂ ചെയ്ത് കിട്ടാത്തതിനാലും റീ-എൻട്രിയും എക്സിറ്റ് വിസയും അതിനുള്ള അനുമതിയും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അതിനാൽ ഇവർക്ക് നാട്ടിലേക്ക് മടങ്ങാനും കഴിയുന്നില്ല. റിയാദിലെ ഇന്ത്യൻ എമ്പസിക്കും സൗദി നിയമ പ്രകാരം അവിടത്തെ ലേബർ ഓഫീസിലും പോലീസിലും പരാതി നൽകിയിട്ടും നടപടികളൊന്നുമുണ്ടായിട്ടില്ല. എന്റെ മണ്ഡലമായ മാവേലിക്കരയിലും ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, വയനാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലുമായുള്ള 26 മലയാളികൾ ഉൾപ്പെടെയുള്ള ഈ സഹോദരങ്ങളെ രക്ഷിക്കാൻവേണ്ടി സംസ്ഥാന സർക്കാർ അടിയന്തിരമായ നടപടികൾ സ്വീകരിക്കണം. ഒരു നടപടിയും സ്വീകരിക്കാത്ത ഇന്ത്യൻ എമ്പസി അധികൃതരെ ഈ കാര്യം അറിയിച്ചുകൊണ്ട് ഈ 42 ഇന്ത്യാക്കാരെ രക്ഷിച്ചുകൊണ്ടുവരാൻവേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, സൗദി അറേബ്യയിലെ ജദാവൽ ഇന്റർനാഷണൽ കമ്പനിയിൽ ജോലി ചെയ്യുന്ന മലയാളികളെ സംരക്ഷിച്ച് നാട്ടിലെത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം എം. മുരളി ആവശ്യപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയ അന്നുതന്നെ സൗദി അറേബ്യയിലെ ഇന്ത്യൻ അംബാസിഡർക്ക് നോർക്കാ സെക്രട്ടറി ഫാക്സ് സന്ദേശമയച്ചു. വിഷയത്തിന്റെ അടിയന്തിര സാഹചര്യം വ്യക്തമാക്കിക്കൊണ്ടും തൊഴിലാളികൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ

LIBRARY ARCHIVES Kerala Legislative Assembly